കേരള സർക്കാർ

സംരംഭങ്ങൾക്ക് ലൈസൻസ് നൽകൽ-

വിജ്ഞാപനം



നിയമാനുസൃതം | സുതാര്യത | വികസനം

തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്ത്
പിൻ കോഡ്- 673636
GSTIN:32AAALT2105P1Z0 ഫോൺ നമ്പർ : 0494-2400226
thenhipalamgp@gmail.com

നമ്പർ: 4648191-2025 **തീയതി : 22-09-2025**

വിജ്ഞാപനം

വിഷയം : 2025 - ലെ കേരള പഞ്ചായത്ത് രാജ്(സംരംഭങ്ങൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ - തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രാബല്യത്തിൽ വന്നത് സംബന്ധിച്ച്.

സൂചന : ബഹു. കേരള സർക്കാരിന്റെ 14-08-2025 തിയ്യതിയിലെ സ.ഉ. (അച്ചടി) നം. 46/2025/തസ്വഭവ. നമ്പർ വിജ്ഞാപനം.

മേൽസൂചന വിജ്ഞാപനം പ്രകാരം കേരള സംസ്ഥാനത്ത് 2025 ലെ കേരള പഞ്ചായത്ത് രാജ് (സംരംഭങ്ങൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ കേരള സംസ്ഥാനത്ത് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ചട്ടം 3 നു വിധേയമായി ചുവടെ പറയുന്ന വസ്തുതകൾ തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പൊതുജനങ്ങൾക്കായി വിജ്ഞാപനം ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

1. തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ യാതൊരു സ്ഥലമോ കെട്ടിടമോ ഒന്നോ അതിലധികമോ സേവന ആവശ്യങ്ങൾക്കോ വ്യാപാര വാണിജ്യ പ്രവർത്തനങ്ങൾക്കോ ഉപയോഗിക്കുന്നതിന് 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 232ആം വകുപ്പ് പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് നിർബന്ധമായും എടുത്തിരിക്കേണ്ടതാണ്.

2. കാറ്റഗറി 2 സംരംഭക ആവശ്യങ്ങൾക്ക് ഉപയോഗിച്ചു വരുന്നതും സൂചന 1 ചട്ടങ്ങളുടെ പ്രാബല്യതിയതിയിൽ സെക്രട്ടറിയുടെ ലൈസൻസില്ലാതെ പ്രവർത്തിച്ചു വരുന്നതുമായ ഏതൊരു സ്ഥലത്തിന്റെ / കെട്ടിടത്തിന്റെ ഉടമസ്ഥനോ കൈവശക്കാരനോ അങ്ങനെയുള്ള ആവശ്യത്തിന്, അങ്ങനെയുള്ള സ്ഥലം/ കെട്ടിടം ഉപയോഗിക്കുന്നതിനുള്ള 232ാം വകുപ്പ് അനുസരിച്ചുള്ള ലൈസൻസിന്, സംരംഭകർ വിജ്ഞാപനതിയതി മുതൽ 30 ദിവസത്തിനുള്ളിൽ കെ സ്മാർട്ട് വഴി സ്വന്തം ലോഗിനിൽ നിന്ന് ഓൺലൈൻ ആയി അപേക്ഷയും അനുബന്ധ രേഖകളും സമർപ്പിച്ച്, സൂചന 1 ചട്ടങ്ങളിലെ പട്ടിക പ്രകാരമുള്ള നിശ്ചിത ഫീസ് ഒടുക്കി ലൈസൻസ് എടുക്കേണ്ടതും അതിന്റെ ഒരു പകർപ്പ് സംരംഭം നടത്തുന്ന സ്ഥലത്ത് നിർബന്ധമായും സൂക്ഷിക്കേണ്ടതുമാണ്.

3. ഈ വിജ്ഞാപന തിയതിയ്ക്ക് ശേഷം തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഏതെങ്കിലും സ്ഥലമോ കെട്ടിടമോ കാറ്റഗറി 2 വിഭാഗത്തിൽപ്പെട്ട വ്യാപാര സംരംഭക പ്രവർത്തനങ്ങൾ നടത്തുന്നതിനായി, പുതുതായി തുടങ്ങാൻ ഉദേശിക്കുന്ന തിയതിയ്ക്ക് 15 ദിവസങ്ങൾക്ക് മുമ്പ് കെ - സ്മാർട്ട് വഴി സ്വന്തം ലോഗിനിൽ നിന്ന് അപേക്ഷടും അനുബന്ധ രേഖകളും സമർപ്പിച്ച് സൂചന ചട്ടങ്ങളിലെ പട്ടിക

പ്രകാരമുള്ള നിശ്ചിത ഫീസ് ഒടുക്കി ലൈസൻസ് എടുക്കേണ്ടതും അതിന്റെ ഒരു പകർപ്പ് സംരംഭം നടത്തുന്ന സ്ഥലത്ത് നിർബന്ധമായും സൂക്ഷിക്കേണ്ടതുമാണ്.

4. വാഹനങ്ങൾ ഉപയോഗിച്ച് റെസ്റ്റോറന്റുകൾ, വാഹനങ്ങൾ ഉപയോഗിച്ച് തട്ടുകടകൾ, വാഹനങ്ങൾ ഉപയോഗിച്ച് മറ്റു സംരംഭങ്ങൾ, വ്യാപാരം എന്നിവ നടത്തുന്നവർക്കും ടി വ്യവസ്ഥകൾ ബാധകമാണ്.

5. സൂചന ചട്ടങ്ങളിലെ കാറ്റഗറി ഒന്ന് വിഭാഗങ്ങളിൽപ്പെട്ട സംരംഭങ്ങൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്ന തിയതിയ്ക്ക് 45 ദിവസങ്ങൾക്ക് മുമ്പായി വകുപ്പ് 233 പ്രകാരമുള്ള ഗ്രാമപഞ്ചാത്തിന്റെ അനുമതിക്കായി സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതാണ്.

6. കാറ്റഗറി ഒന്ന് പ്രകാരമുള്ള സംരംഭങ്ങൾ സ്ഥാപിക്കുന്നതിന് പഞ്ചായത്തിന്റെ അനുമതി ലഭിച്ച സംരംഭകർ അവ സ്ഥാപിച്ച ശേഷം അവയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പായി കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെയും, മറ്റ് വകുപ്പുകളോ സ്ഥാപനങ്ങളോ നൽകേണ്ട അനുമതികളും നിരാക്ഷേപ സാക്ഷ്യപത്രങ്ങളും നേടിയ ശേഷം മേൽപ്പറഞ്ഞ പ്രകാരം ഓൺലൈൻ ആയി അപേക്ഷ സമർപ്പിച്ച് ലൈസൻസ് എടുത്തിരിക്കേണ്ടതാണ്.

7. നിലവിൽ ലൈസൻസ് ഉള്ളതോ പുതിയതായി ലൈസൻസ് എടുക്കുന്നതോ ആയ സ്ഥാപനങ്ങൾ പ്രസ്തുത ലൈസൻസ് കാലാവധി അവസാനിക്കുന്നതിന് 30 ദിവസങ്ങൾക്ക് മുമ്പായി നിശ്ചിത ഫീസ് സഹിതം സ്വയം സാക്ഷ്യപത്രം സമർപ്പിക്കുന്ന മുറയ്ക്ക് ലൈസൻസ് / രജിസ്ട്രേഷൻ പുതുക്കി ലഭിക്കുന്നതാണ്.

8. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് വൈറ്റ് / ഗ്രീൻ വിഭാഗമായി പ്രഖ്യാപിച്ചിട്ടുള്ള ഫാക്ടറി / വ്യവസായം / വർക്ക് ഷോപ്പ് / ജോലി സ്ഥലം / സ്ഥാപനം എന്നിവയ്ക്ക് 233ാം വകുപ്പ് പ്രകാരമുള്ള ഗ്രാമപഞ്ചായത്തിന്റെ അനുമതിയോ ചട്ടം 12 പ്രകാരമുള്ള ലൈസൻസോ ആവശ്യമില്ലാത്തതാണ്. എന്നാൽ അത്തരം സ്ഥാപനങ്ങൾ നിശ്ചിത ഫീസ് അടച്ച് ഓൺലൈൻ ആയി സംരംഭക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സഹിതം ഗ്രാമപഞ്ചായത്തിൽ അപേക്ഷ നൽകി, സൂചന 1 ചട്ടങ്ങളിലെ പട്ടിക പ്രകാരമുള്ള നിശ്ചിത ഫീസ് ഒടുക്കി രജിസ്റ്റർ ചെയ്യേണ്ടതും രജിസ്ട്രേഷൻ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് ആയത് പുതുക്കേണ്ടതുമാണ്.

9. തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടത്തുന്ന വ്യാപാര സംരംഭക പ്രവർത്തനങ്ങൾക്ക് മതിയായ രേഖകൾ സമർപ്പിച്ച് , ഹരിതകർമ്മ സേനയുടെ യൂസർഫീ, തൊഴിൽ നികുതി, വസ്തുനികുതി മുതലായവ കുടിശ്ശിക വരുത്താത്ത സംരംഭകന്/സംരംഭത്തിന് , സൂചന ചട്ടങ്ങളിലെ പട്ടിക പ്രകാരമുള്ള നിശ്ചിത ഫീസ് പൂർണ്ണമായി അടയ്ക്കുന്ന സംരംഭങ്ങൾക്ക്, സംരംഭകൻ ആവശ്യപ്പെടുന്ന പക്ഷം പരമാവധി അഞ്ചു വർഷം വരെയുള്ള കാലാവധിക്ക് ലൈസൻസ് ലഭിക്കുന്നതാണ്. എന്നാൽ സംരംഭകന് / സംരംഭത്തിന് ഹരിതകർമ്മ സേനയുടെ യൂസർഫീ, തൊഴിൽനികുതി, വസ്തുനികുതി മുതലായവ കുടിശ്ശികയാക്കുക, സൂചന ചട്ടങ്ങളിലെ ലൈസൻസി അനുസരിക്കേണ്ട നിർദേശങ്ങളിലെ വ്യവസ്ഥകൾ ലൈസൻസി പാലിക്കാതിരിക്കുക, എന്നിവ ടി ലൈസൻസ് റദ്ദാക്കുന്നതിന് കാരണമാകുന്നതാണ്.

10. തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ലൈസൻസിൽ നിന്ന് ഒഴിവായിട്ടുള്ളവ ഒഴികെ ലൈസൻസോ / അനുമതിയോ / രജിസ്ട്രേഷനോ കൂടാതെ യാതൊരുവിധ സംരംഭവും പ്രവർത്തിക്കാൻ പാടുള്ളതല്ല. അപ്രകാരം പ്രവർത്തിക്കുന്ന വ്യക്തികൾ /

സ്ഥാപനങ്ങൾക്കെതിരെ പിഴ, പ്രോസിക്യൂഷൻ മുതലായ നടപടികൾ സ്വീകരിക്കുന്നതാണ്.

11. ഈ വിജ്ഞാപനത്തിലെ നിർദേശങ്ങൾക്ക് 22.09.2025 തിയ്യതി മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

ഉത്തരവിൻ പ്രകാരം

Document certified by PRADEEP KUMAR P
<PRADEEPCHELEMBRA0@GMAIL.COM>
Digitally signed by PRADEEP KUMAR P
Date: 2025.09.22 [illegible]28:57 IST
Reason: KSMART